ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ ഷട്ടറുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ജോലി പുരോഗമിക്കുന്നു.

മുല്ലപ്പെരിയാർ പ്രശ്നം - പ്രധാനമന്ത്രിയെ വിവരം ധരിപ്പിക്കൽ

173 (4459) ശ്രീ. എം. എ. ബേബി :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ പ്രശ്നത്തിൽ പ്രധാനമന്ത്രിയെ കണ്ട് വിവരങ്ങൾ ധരിപ്പിക്കുമെന്ന പ്രസ്താവന യാഥാർത്ഥ്യമായോ എന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷാ പ്രശ്നങ്ങൾ വിലയിരുത്തുന്നതിനായി മന്ത്രിസഭായോഗം ചേർന്നിരുന്നോ; എങ്കിൽ തീരുമാനങ്ങൾ അറിയിക്കുമോ;

(സി) പ്രശ്നപരിഹാരത്തിനായി കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ &ബി) 26-11-2014-ൽ ചേർന്ന സർവ്വകക്ഷി യോഗത്തിൽ ദേശീയ തലത്തിലും അന്താരാഷ്ട്ര തലത്തിലുമുള്ള പഠന സംഘത്തെ നിയോഗിക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ അനുമതി വാങ്ങുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ജലവിഭവ വകുപ്പുമന്ത്രിയുമടങ്ങുന്ന സംഘം പ്രധാനമന്ത്രിയെ സന്ദർശിച്ച് വിശദവിവരങ്ങൾ ബോധ്യപ്പെടുത്തുവാൻ ധാരണയായിരുന്നു. ഇതിനായുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്.

മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തുന്നത് മൂലമുള്ള വിവിധ പ്രശ്നങ്ങൾ അവലോകനം ചെയ്യുന്നതിനായി 15-11-2014-ൽ മന്ത്രിസഭാ യോഗം ചേർന്ന് മുല്ലപ്പെരിയാർ ക്രൈസിസ് മാനേജ്മെന്റ് ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശകൾ അംഗീകരിക്കുകയും ശിപാർശകൾ നടപ്പാക്കുന്നതിനായി ഒരു പ്രത്യേക സംഘത്തെ (Special team) നിർണ്ണയിക്കുന്നതിന് ആഭ്യന്തര വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ടീമിനെ നിയോഗിച്ചുകൊണ്ട് 15-11-2014-ലെ സ.ഉ. (കൈ) നമ്പർ 473/2014/ഡി.എം.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 136 അടിക്ക് മുകളിലേയ്ക്ക് ഉയർത്തുമ്പോൾ കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി ഇടുക്കി ജില്ലയിലെ മുല്ലപ്പെരിയാറിലും പരിസരത്തും ദുരന്ത ലഘൂകരണം, തയ്യാറെടുപ്പ് എന്നിവ ലക്ഷ്യമാക്കി മുല്ലപ്പെരിയാറിന് താഴെ ഇടുക്കി ഡാം വരെ ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളാകമാനം ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ വിവിധ സേവന ദാതാക്കളുടെ സഹകരണത്തോടെ മുല്ലപ്പെരിയാർ ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ നടപ്പിലാക്കിവരുന്നു. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 136 അടിയിൽ എത്തിയപ്പോൾത്തന്നെ വില്ലേജ് തലത്തിലും താലൂക്ക് തലത്തിലും ജില്ലാതലത്തിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തയ്യാറാക്കുകയുണ്ടായി.

അണക്കെട്ട് പ്രദേശത്തുള്ള ദുരന്ത സാഹചര്യങ്ങൾ വിശകലനം ചെയ്ത് ആവശ്യമായ സാമൂഹിക സാങ്കേതിക സുരക്ഷാ നിർദ്ദേശങ്ങൾ നൽകുന്നതിനും നടത്തുന്നതിനും ഒരു പ്രത്യേക സംഘത്തെ നിയോഗിക്കുകയും ചെയ്തു. സംസ്ഥാന ദുരന്ത പ്രതികരണ സേന (SDRF)യുടെ രണ്ട് ടീമുകളെ ഈ മേഖലയിലേയ്ക്ക് നിയോഗിക്കുകയും ഏതടിയന്തരഘട്ടം നേരിടുവാനും അവരെ സജ്ജരാക്കുകയും ചെയ്തു.

മുല്ലപ്പെരിയാർ വിഷയത്തിൽ കേരള നിയമസഭ 9-6-2014-ൽ ഉപക്ഷേപം പാസ്സാക്കിയ വിവരം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ജലനിരപ്പ് 142 അടിയിലേയ്ക്ക് ഉയർത്തുമ്പോൾ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ വിശദീകരിച്ചുകൊണ്ടും പ്രശ്നപരിഹാരത്തിനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊണ്ടും മേൽനോട്ട സമിതിയിലെ കേരള പ്രതിനിധി മേൽനോട്ട സമിതി ചെയർമാനും തമിഴ്നാട് പ്രതിനിധിക്കും 31-10-2014, 14-11-2014, 16-11-2014, 18-11-2014 തീയതികളിൽ കത്തുകൾ നൽകിയിരുന്നു. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 142 അടിയിലേയ്ക്ക് ഉയരാൻ ഇടയായാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകൾ കാര്യകാരണസഹിതം അറിയിച്ചിട്ടും മേൽനോട്ട സമിതിയിൽനിന്നോ തമിഴ്നാട് സർക്കാരിൽനിന്നോ അനുകൂല നിലപാടുകൾ ഉണ്ടാകാത്ത സാഹചര്യത്തിൽ നിജസ്ഥിതികൾ അറിയിച്ചുകൊണ്ട് കേന്ദ്ര ജലകമ്മീഷൻ ചെയർമാനും കേന്ദ്ര ജലവിഭവ സെക്രട്ടറിക്കും കത്തുകൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

7-5-2014-ലെ വിധിന്യായത്തിനെതിരെ 30-6-2014-ൽ പുനഃപരിശോധന ഹർജി നൽകിയിരുന്നുവെങ്കിലും ആയത് നിരാകരിക്കുകയുണ്ടായി. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തുമ്പോൾ കേരള ജനതയ്ക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ കഴിവതും ഒഴിവാക്കുന്നതിനായി തമിഴ്നാടിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ നിർദ്ദേശിച്ചുകൊണ്ട് അവ പരിഗണിക്കുന്നതിനും തമിഴ്നാടിന് നിർദ്ദേശങ്ങൾ നൽകുന്നതിനുമായി 15-11-2014-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ചെങ്ങന്നാംകുന്ന് തടയണ നിർമ്മാണം

174 (4460) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഭാരതപ്പുഴക്ക് കുറുകെ തൃശ്ശൂർ-പാലക്കാട് ജില്ലകൾക്ക് കുടിവെള്ള പദ്ധതികൾക്കും ജലസേചനത്തിനും പ്രയോജനകരമായ ചെങ്ങന്നാംകുന്ന് തടയണ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതി ടെണ്ടർ ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) തടയണ നിർമ്മാണം എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് പറയാമോ?

ഉത്തരം

(എ &ബി) 1-6-2013-ലെ സ.ഉ. (സാധാ) നമ്പർ 613/2013/ഡബ്ല്യു.ആർ.ഡി. നമ്പർ സർക്കാർ ഉത്തരവുപ്രകാരം 3250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി &ഡി) പ്രസ്തുത പദ്ധതിയുടെ പ്രീ-ക്വാളിഫിക്കേഷൻ ദർഘാസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രീ-ക്വാളിഫിക്കേഷൻ കമ്മിറ്റിയുടെ മിനിറ്റ്സിന്റെ അടിസ്ഥാനത്തിൽ ഫിനാൻഷ്യൽ ബിഡ് തുറക്കുന്ന തീയതി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഇ) ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly